(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.11-2/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ – 0495-2371012
ഇ-മെയിൽ – dokkd.ksad@kerala.gov.in
തീയതി: 11-03-2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് -കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 , 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.11- 2/2020 തീയതി 11-03-2020

**കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം., ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.11.2019 മുതൽ 05.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം.ശ്യാംജിത്ത് | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈന.എ.കെ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഡാനിഷ്.എ.ഇസൈഡ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഏലിയാമ്മ ജോർജ് | 1.4.2018 മുതൽ 22.10.2018 വരെ |
| | ശ്രീ.സൂപ്പർ അഹമ്മദ് കുട്ടി ഹാജി | 23.10.2018 മുതൽ 13.11.2018 വരെ |
| | ശ്രീമതി. രാധാമണി ടീച്ചർ | 14.11.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. മാധവൻ.കെ | 1.4.2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |

| | | |
|---|---|---|
| അസി. എക്സി. എഞ്ചിനീയർ | ശ്രീ. സന്തോഷ്കുമാർ. എ | 01.04.18 മുതൽ 08.06.2018 വരെ |
| | ശ്രീമതി.ചിത്രാ വാസു | 09.06.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി.അൽക്ക.എസ് | 01.04.18 മുതൽ 16.06.2018 വരെ |
| | ശ്രീ.അഷ്റഫ് കല്ലടയിൽ | 17.06.2018 മുതൽ 30.06.2018 വരെ |
| | ശ്രീമതി.അരുണിമ.പി.എൽ | 01.07.2018 മുതൽ 14.02.2019 വരെ |
| | ശ്രീ.അശ്വിൻ ശുഭൻ | 15.02.2019 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. എം.എൻ അനന്തൻ | 1.4.2018 മുതൽ 02.10.2018 വരെ |
| | ശ്രീ. മുകേഷ്. ടി.എം | 3.10.2018 മുതൽ 24.10.2018 വരെ |
| | ശ്രീ.ശൈലേഷ്.ഐ.പി | 25.10.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, താമരശ്ശേരി താലൂക്ക് ആശുപത്രി | ഡോ.കേശവനുണ്ണി | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. കോടഞ്ചേരി | ഡോ.ഹൈഫ മൊയ്തീൻ | 01.04.18 മുതൽ 28.06.2018 വരെ |
| | ഡോ.കെ.കെ.അബ്ദു റഹിമാൻ | 29.06.2018 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ശരത് പി ഡി | 01.04.18 മുതൽ 31.03.19 വരെ |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (ഓമശ്ശേരി സർക്കിൾ) | ശ്രീമതി. സുഷ പി ടി | 01.04.18 മുതൽ 05.07.18 വരെ |
| | ശ്രീമതി. പൗളി ജോസഫ് | 06.07.18 മുതൽ 31.03.2019 വരെ |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ (കൊടുവള്ളി സർക്കിൾ) | ശ്രീമതി.സുബൈദ എ.പി | 01.04.18 മുതൽ 31.3.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഷമീർ എ | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രമേശൻ എൻ | 01.04.18 മുതൽ 17.07.18 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി. ജീജ.കെ.എം | 18.07.18മുതൽ 29.07.18വരെ |
| | ശ്രീ. ഹംസ.വി. ടി | 30.07.18മുതൽ 14.09.18വരെ |
| | ശ്രീമതി. റജിമോൾ ജോർജ് | 15.09.18മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) കൊടുവള്ളി | ശ്രീമതി. ആശ.എസ്. കുമാർ | 01.04.18മുതൽ 24.07.18വരെ |
| | ശ്രീ. നസീർ. ടി.കെ | 25.07.18മുതൽ 7.08.2018വരെ |
| | ശ്രീമതി.നിഷ.പി.ടി | 08.08.2018 മുതൽ 31.03.2019 |

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | വാർഷിക കണക്കിലെ അപാകതകൾ | 1-6 |
| 7 | പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാറുകാർ എഗ്രിമെന്റ് വെക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-7 |
| 8 | ഓട്ടോമാറ്റിക് ലെവലിങ് മെഷീൻ - വിതരണ ഏജൻസിക്കു വേണ്ടി പിൻവലിച്ച മുഴുവൻ തുകയും കൈമാറിയില്ല | 1-8 |
| 9 | പൂർത്തീകരണം വൈകിയ പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-9 |
| 10 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തിപ്പിലെ അപാകത | 1-10 |
| 11 | നെല്ലിപ്പൊയിൽ വിജയ വായനശാല കെട്ടിടനിർമ്മാണം -പ്രോജക്ട് നടത്തിപ്പിലെ അപാകത | 1-11 |
| 12 | മുഴിപ്രത്ത് പൊയിൽ കോളനി സമഗ്ര വികസനം - പ്രോജക്ട് പൂർത്തിയായില്ല | 1-12 |
| 13 | ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ഉല്പന്ന വിപണന കേന്ദ്രം (വനിത) – പ്രോജക്ട് നടത്തിപ്പിലെ അപാകത | 1-13 |
| 14 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതല്ലാത്ത ആസ്തികളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കി | 1-14 |
| 15 | മാർഗ്ഗരേഖക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണ പ്രോജക്ട് നടപ്പാക്കി | 1-15 |
| 16 | കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കി | 1-16 |
| | | |

| | | |
|---|---|---|
| 17 | കരിപ്പാക്കുടി - തൊണ്ടിമല റോഡ് നവീകരണം - ചുമതലയിൽ പെടാത്ത പ്രോജക്ട് നടപ്പാക്കി | 1-17 |
| 18 | സർക്കാർ നിർദ്ദേശപ്രകാരമല്ലാതെ അധിക പലിശ നിരക്കിൽ വായ്പയെടുത്തു | 1-18 |
| 19 | ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം അനുവദിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 20 | ആവശ്യകത നിർണയിക്കാതെ പോഷകാഹാര വിതരണത്തിന് ഫണ്ട് നൽകി | 1-20 |
| 21 | പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | 1-21 |
| 22 | കേന്ദ്ര വിഹിതം ഫണ്ട് ലഭിയ്ക്കാത്തതിനാൽ ഇന്ദിര ആവാസ് യോജന -ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാതെ അവശേഷിക്കുന്നു | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാൻ അവശേഷിക്കുന്നു | 1-23 |
| 24 | ലൈഫ് ഭവന പദ്ധതി- രണ്ടാം ഘട്ടം- ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകൾ പൂർണ്ണമായി ചെലവഴിച്ചില്ല | 1-24 |
| 25 | ടെണ്ടർ നടപടികൾ ഒഴിവാക്കി- ചെറിയ യൂണിറ്റുകളാക്കി ക്വട്ടേഷൻ ക്ഷണിച്ചു സാധനങ്ങൾ വാങ്ങി | 1-25 |
| 26 | രശീത് പരിശോധന അപാകതകൾ | 1-26 |
| 27 | സി.സി.ടി.വി ഇന്റർകോം ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല | 1-27 |
| 28 | പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാറുകാർ എഗ്രിമെന്റ് വെക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-1 |
| 29 | പൂർത്തീകരണം വൈകിയ പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 3-2 |
| 30 | കാരശ്ശേരി ബാങ്ക് പലിശ തിരിച്ചടവ്- സർക്കാർ നിർദ്ദേശപ്രകാരമല്ലാതെ അധിക നിരക്കിൽ വായ്പയെടുത്തത് ബ്ലോക്ക് പഞ്ചായത്തിന് വൻ ബാധ്യത, ആവശ്യമുള്ളതിലും അധിക തുക തിരിച്ചടച്ചു | 3-3 |
| 31 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 4-9 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


## ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

19.03.2018 തീയതിയിലെ 70/2017-18 നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 27.03.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 11.06.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 48449996 |
| വരവ് | 144876692 |
| ആകെ | 193326688 |
| ചെലവ് | 164724456 |
| നീക്കിയിരിപ്പ് | 28602232 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | വിനിയോഗിക്കാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 79876000 | 79876000 | 76563788 | 3312212 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 19449000 | 19449000 | 18355189 | 1093811 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 2714000 | 2414000 | 1795183 | 918817 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 9157000 | 9157000 | 9009638 | 147362 |
| | | | ആകെ | | 5472202 |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, വിനിയോഗിക്കാത്തതിനാൽ തൻവർഷം 54.72 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായി.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 164856412 | 124 | 105723798 | 4 | 46 | 73 |

# 1-6 വാർഷിക കണക്കിലെ അപാകതകൾ

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിലൂടെ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾ 24.8.2019 ലെ കെ.എസ്.എ. കെ.കെ.ഡി/ഇ.2/887/2019(74) നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് അയച്ചു കൊടുത്തിട്ടുണ്ടെങ്കിലും അപാകതകളൊന്നും പരിഹരിച്ചിട്ടില്ല.

1. ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിലെ(അക്കൗണ്ട് നം. 17600) 2017-18, 2018-19 വർഷങ്ങളിലെ പലിശ ബാങ്ക് ബുക്കിൽ വരവ് വെച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 2018-2019 ലെ നീക്കിയിരിപ്പ് തുക 6361/- രൂപയാണ് (RP-40(b)). എന്നാൽ പലിശയുൾപ്പടെ യഥാർത്ഥ നീക്കിയിരിപ്പ് 6825/- രൂപയാണ്.

2. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

3. വിവിധ അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്, ബന്ധപ്പെട്ട പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തി സാംഖ്യയിൽ തയ്യാറാക്കിയ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (31.03.2019 തിയതിയിലെ) പ്രകാരം ലഭ്യമാകുന്ന നീക്കിയിരിപ്പ് പരിശോധിച്ചു. ഇവ വാർഷിക ധനകാര്യ പത്രികയിലെ റിസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിലെ RP 40 (b) പ്രകാരമുള്ള നീക്കിയിരിപ്പുമായും ബാലൻസ് ഷീറ്റിലെ B- 17 ഷെഡ്യൂളിലെ നീക്കിയിരിപ്പുമായും പൊരുത്തപ്പെടുന്നില്ല.

4. ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ ദിനം പ്രതിയും, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രതിമാസവും പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. വാടക, ലീസ് എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

8. മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനങ്ങളിലെ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. രജിസ്റ്റർ പ്രകാരം കരാറുകാരുടെ റീടെൻഷൻ തുകയായി തൻവർഷം 2,45,334/- രൂപയാണ് വരവ്. എന്നാൽ വാർഷിക കണക്ക് ഷെഡ്യൂൾ RP-34 പ്രകാരം 2,49,860/- രൂപയാണ് വരവായി ചേർത്തിട്ടുള്ളത്.

10. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

11. വാർഷിക കണക്കു പ്രകാരം, കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ. ഇനത്തിൽ 12289488/-രൂപയും, സംയുക്ത പ്രൊജക്ടുകൾക്കായി 1890262/-രൂപയും വരവു കാണിച്ചിട്ടുണ്ട്( RP31). എന്നാൽ പ്രസ്തുത തുകകൾ ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരമുള്ള വരവു തുകയുമായി പൊരുത്തപ്പെടുന്നില്ല. അതാതു ശീർഷകങ്ങളിൽ വരവുകൾ രേഖപ്പെടുത്തുന്നതിനു പകരം ശീർഷകങ്ങൾ മാറി വരവു രേഖപ്പെടുത്തി കാണുന്നു.

12. സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിക്കായി 113312/-രൂപ (RP-31) വാർഷിക ധനകാര്യ പത്രികയിൽ വരവു കാണിച്ചിട്ടുണ്ട്. എന്നാൽ ചെക്ക് ഇഷ്യു രജിസ്റ്റർ പ്രകാരം വരവ് 140533/-രൂപയാണ്.

13. ഡിപ്പോസിററ് പ്രവൃത്തികൾക്കായി തൻവർഷം 55,50,000/-രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചതായി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ 'Advance to Implementing Agencies' എന്ന ശീർഷകത്തിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
മറ്റു സ്ഥാപനങ്ങളിൽ നിന്ന് പദ്ധതി നിർവ്വഹണത്തിനായി ലഭിക്കുന്ന തുകകളുടെ വരവ് ചെലവുകൾ നിരീക്ഷിക്കുന്നതിന് പ്രത്യേകം എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

## 1-7 പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാറുകാർ എഗ്രിമെന്റ് വെക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ നടപ്പാക്കിയ പ്രോജക്ടുകളിൽ കരാറുകാർ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാർ വെയ്ക്കുന്നതിൽ കാലതാമസം വരുത്തിയതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| S/N | പ്രോജക്റ്റ് നമ്പർ, പേര് | ചെലവ് തുക (രൂ) | ട്രഷറി ബിൽ നമ്പർ, തീയ്യതി | സെലക്ഷൻ നോട്ടീസ് നമ്പർ, തീയ്യതി | എഗ്രിമെന്റ് നമ്പർ, തീയ്യതി | P.A.C തുക (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| 1. | 71/19, പുന്നക്കൽ-ചളിപ്പൊയിൽ റോഡ്. | 384243 | 19/ 25.9.18 (A.Ex.Eയുടെ ട്രഷറി ബിൽ ബുക്ക്) | a1/kdly/ 17-18, 6.7.18 | ae/4/18-19, തീയ്യതി 24.7.19 | 496664 | കെ.എം. മോഹനൻ |
| 2. | 154/19, അമ്പായത്തോട്-അന്നേടത്ത് കുന്ന് തോട് സംരക്ഷണം | 595445 | 16/ 31.8.18 (A.Ex.Eയുടെ ട്രഷറി ബിൽ ബുക്ക്) | a1/kdly/ 17-18, 22.12.17 | Ae/46/17-18, തീയ്യതി 12.1.18 | 599632 | ഷാനവാസ്. പി.കെ |
| 3. | 157/19, തരിശ്ശി-പുഴക്കുന്ന് | 459721 | 9/ 14.8.18 (A.Ex.Eയുടെ | a1/kdly/ 17-8, 22.12.17 | Ae/41/17-18, | 499887 | ഹാഫിസ്.എം |

| | | | | | | | |
|---|---|---|---|---|---|---|---|
| | എസ്-സി കോളനി റോഡ് നവീകരണം. | | ട്രഷറി ബിൽ ബുക്ക്) | | തീയ്യതി 12.1.18 | | |
| 4. | 156/19, ചെറ്റക്കടവ് തോട്- ഉരുളിക്കുന്ന് ഭാഗം സംരക്ഷണം | 468336 | 15/ 14.8.18, (A.Ex.Eയുടെ ട്രഷറി ബിൽ ബുക്ക്) | a1/kdly/ 17-18, 24.11.17 | 27/17-18 തീയ്യതി 14.12.17 | 498808 | പി.കെ. ഷാനവാസ് |
| 5. | 100/19, കാട്ടുപറമ്പത്ത് താഴം തോടിന് തയ്യിലത്ത് താഴം സൈഡ് കെട്ടൽ. | 296503 | 63/ 18-19 തിയ്യതി 27.3.19 | a1/kdly/17-18, 31.8.18 | Ae/27/18-19, 25.9.18 | 499248 | അബ്ദുൾ ബാസിത്ത് |

1.02.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യ.ഡി പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാർ ചമക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1% ആണ് പിഴ ഈടാക്കേണ്ടത്. എന്നാൽ മേല്പറഞ്ഞ പദ്ധതികൾക്ക് ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. മാത്രമല്ല കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയ്യതി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് തപാൽ മുഖേന അയക്കുന്നതിന്, ആയത് രജിസ്റ്റർ ചെയ്ത തീയ്യതി പോലും കൈപ്പറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ്. പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടികൾ പാലിച്ച് സെലക്ഷൻ നോട്ടീസ് കരാറുകാർക്ക് അയക്കുന്നതിൽ അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. കരാർ വെക്കുന്നതിൽ വന്ന കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും മേൽ പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|
| 1. | 71/19 | 496664 | 4967 |
| 2. | 154/19 | 599632 | 5996 |
| 3. | 157/19 | 499887 | 4999 |
| 4. | 156/19 | 498871 | 4988 |
| 5. | 100/19 | 499248 | 4992 |
| ആകെ | | | 25942 |

ക്രമ നമ്പർ 5 ലുള്ള പ്രവൃത്തി പിഴയോട് കൂടിയ 10 ദിവസത്തിന് ശേഷമാണ് കരാർ വെച്ചിട്ടുള്ളത്. എന്നാൽ ഇതിന്മേൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. 25942/- രൂ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (മേൽപട്ടികകളിലെ ക്രമ നമ്പർ 1 മുതൽ 4 വരെ അരുണിമ പി.എൽ, അസി.എഞ്ചിനീയർ, ക്രമ നമ്പർ 5 അശ്വിൻ ശുഭൻ,

അസി.എഞ്ചിനീയർ).

കൂടാതെ ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള ചെലവ് തുകകൾ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ട്രഷറി ബിൽ ബുക്ക് മുഖേന പിൻവലിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

# 1-8 ഓട്ടോമാറ്റിക് ലെവലിങ് മെഷീൻ - വിതരണ ഏജൻസിക്കു വേണ്ടി പിൻവലിച്ച മുഴുവൻ തുകയും കൈമാറിയില്ല

2018-19 വർഷത്തിൽ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ ഓട്ടോമാറ്റിക് ലെവലിങ് മെഷീൻ വാങ്ങൽ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 129/19 |
| വകയിരുത്തിയ തുക | 50000/- രൂപ |
| ചെലവഴിച്ച തുക | 49950/- രൂപ |
| ഫണ്ട് | വികസനഫണ്ട്-(പൊതുവിഭാഗം) |
| ട്രഷറിബിൽ നമ്പർ/തിയ്യതി, തുക | 01/18-19/24.5.18, 49950/- രൂപ |
| ഉപകരണം വിതരണം ചെയ്ത ഏജൻസി | സയന്റിഫിക് സർവ്വേ ഇൻസ്ട്രുമെന്റ്സ്, എറണാകുളം. |
| ഇൻവോയ്സ് നമ്പർ/തീയതി, തുക | 0056/17-18, 27.3.18, 49950/- രൂപ |

വാങ്ങിയ ഉപകരണം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഉപകരണത്തിന്റെ വില നല്കുന്നതിനായി 24.5.2018 തീയ്യതിയിൽ ട്രഷറിയിൽ നിന്നും 49950/- രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ഇതിൽ 38086/- രൂപ മാത്രമേ വിതരണ ഏജൻസിക്ക് നല്കിയിട്ടുള്ളൂ. ഇക്കാര്യം വിതരണ ഏജൻസി നിർവ്വഹണ ഉദ്യോഗസ്ഥന് നല്കിയ 29.8.2019 തീയ്യതിയിൽ നല്കിയ കത്തിൽ (നമ്പർ രേഖപ്പെടുത്തിയിട്ടില്ല) പരാമർശിക്കുകയും ബാക്കി തുക നല്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക നൽകിയതായ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുക നൽകാതിരുന്നതിനു കാരണം വിശദമാക്കേണ്ടതാണ്. ഏജൻസിക്ക് നൽകേണ്ട തുക നൽകി, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തുക നൽകാത്ത സാഹചര്യത്തിൽ 11864/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

# 1-9 പൂർത്തീകരണം വൈകിയ പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് നമ്പർ, | ചെലവ് | ചെലവ് | ടി.എസ് | എഗ്രി. | എം.ബുക്ക് | സൈറ്റ് | പൂർത്തീകരണം | കരാറുകാരൻ |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

| നം | പേര് | തുക (രൂ) | രേഖ | നമ്പർ, ടി.എസ് പ്രകാരം പൂർത്തീകരണ കാലയളവ് | നമ്പർ, തിയ്യതി | നമ്പർ, പൂർത്തീകരണ തിയ്യതി | കൈമാറിയ തിയ്യതി | വൈകിയ കാലയളവ് | |
|---|---|---|---|---|---|---|---|---|---|
| 1. | 41/19, നൂറാംതോട് സ്ലൂൾ പാലക്കൽ റോഡ്. കോടഞ്ചേരി | 458236 | ട.ബി.നം 51/18-19, തിയ്യതി 24.3.19 | 31364/18-19, 7 മാസം | 14/18-19, 1.8.18 | 266, 16.3.19 | തീയ്യതി രേഖപ്പെടുത്തിയില്ല. (കരാർ പ്രകാരം സെറ്റ് കൈമാറേണ്ട പരമാവധി സമയം, 10.8.2018 തിയ്യതിക്കുള്ളിൽ) | ഒറിജിനൽ കാലാവധി യുടെ 25 ശതമാന ത്തിൽ കുറവ്. | ജോബിഷ്. കെ.ഇ |
| 2. | 167/19, ആവിലോറ-ചെറ്റക്കടവ് VCB നിർമ്മാണം | 1038758 | ട.ബി.നം 47/18-19 തിയ്യതി 3.19 | 106060/17-18, 4 മാസം | 57/17-18, 31.3.18 | 233/18, 29.1.19 | തിയ്യതി രേഖപ്പെടുത്തിയില്ല. (കരാർ പ്രകാരം സെറ്റ് കൈമാറേണ്ട പരമാവധി സമയം, 9.4.2018 തിയ്യതിക്കുള്ളിൽ) | ഒറിജിനൽ കാലാവധി യുടെ 50 ശതമാനത്തിൽ കൂടുതൽ. | കെ.ടി. അബ്ദുൾ ഗഫൂർ |
| 3. | 75/19, പുല്ലൂരാംമ്പാറ-കെ.പി എസ്റ്റേറ്റ് റോഡ്, തിരുവമ്പാടി. | 384036 | ട.ബി.നം 07/18-19 തിയ്യതി 29.11.18 | 31576/18-19, 3 മാസം | 1/18-19, 24.7.18 | 130/17-18, 30.10.18 | 24.7.18 | ഒറിജിനൽ കാലാവധിയുടെ 25 ശതമാന ത്തിൽ കുറവ്. | ടി.വി. സെബാസ്റ്റ്യൻ |
| 4. | 168/19, പാച്ചാക്കിൽ തോട് നടമ്മൽ പൊയിൽ VCB | 965178 | ട.ബി.നം 64/18-19 തിയ്യതി 28.3.19 | 106053/17-18, 4 മാസം | നം. ഇല്ല, 31.3.18 | 018, 26.3.19 | 3.4.18 | ഒറിജിനൽ കാലാവധി യുടെ 50 ശതമാനത്തിൽ കൂടുതൽ. | അബ്ദുൾ ബാസിത്ത്.കെ |
| 5. | 146/19, ഉല്പന്ന വിപണന കേന്ദ്രം. (ഓമശ്ശേരി - വനിത) | 565604 (ആകെ പ്രവൃത്തി മൂല്യം 924403/-രൂ) | ട.ബി.നം 17/5.1.19 തുക 565604രൂ | 86481/17-18, രേഖപ്പെടു ത്തിയിട്ടില്ല. | 45/17-18, 12.1.18 | 76/17-18, 185/17-18, 20.12.2018 | 12.1.18 | ഒറിജിനൽ കാലാവധി യുടെ 25 ശതമാനത്തിൽ കൂടുതൽ. | ഹാഫിസ് |

(ക്രമ നമ്പർ 5 പ്രവൃത്തിയുടെ കാര്യത്തിൽ എഗ്രിമെന്റ് , ടി.എസ് സ്ലിപ്പ് എന്നിവയിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലാവധി ചേർത്തിട്ടില്ല. പ്രൈസ് സോഫ്റ്റ് വെയറിൽ നിന്നും ലഭിച്ച ടെണ്ടർ നോട്ടീസിൽ നിന്നുമാണ് കാലാവധി 8 മാസമാണ് എന്ന വിവരം ലഭിച്ചത്.)

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും നിരക്കിലാണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

ക്രമനമ്പർ 1, 2 പ്രവൃത്തികളിൽ കരാർ തിയ്യതി മുതൽ 10 ദിവസത്തിനകം സൈറ്റ് കൈമാറിയതായി ഇതേ കരാർ വ്യവസ്ഥകൾ പ്രകാരം തന്നെ കണക്കാക്കുന്നു. പ്രവൃത്തികളിൽ ഈടാക്കേണ്ടിയിരുന്ന പിഴ താഴെ ചേർക്കുന്നു. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പി.എ.സി തുക(രു) | ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാനത്തിൽ | പിഴ (രൂ) |
|---|---|---|---|---|
| 1. | 41/19 | 499183 | 1% | 4992 |
| 2. | 167/19 | 1193372 | 3% | 35801 |
| 3. | 75/19 | 499584 | 1% | 4996 |
| 4. | 168/19 | 1186344 | 3% | 35590 |
| 5. | 146/19 | 1391487 | 3% | 41745 |
| ആകെ | | | | 123124 |

പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതാണ്. 123124/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.
(ക്രമ നമ്പർ 1, 2, 4 അശ്വിൻ ശുഭൻ, അസി.എഞ്ചിനീയർ, ക്രമ നമ്പർ 3, 5 അരുണിമ പി.എൽ അസി.എഞ്ചിനീയർ)

# 1-10 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ - ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തിപ്പിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | 197/19 |
| പ്രോജക്ട് | സൂപ്പർ എം.ആർ.എഫ് പൂർത്തീകരണം |
| ചെലവഴിച്ച തുക | 882279/- രൂപ |
| ട്രഷറി ബിൽ നമ്പർ/തിയ്യതി, തുക | 42/18-19/21.3.19 – 351826/- രൂപ<br>67/18-19/28.3.19 – 530453/- രൂപ |
| ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് | പി.ഡബ്ള്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 12.11.18 തീയ്യതിയിലെ EST-2018/1987 നമ്പർ കത്ത് |

| | |
|---|---|
| ടി.എസ് നല്കിയത് | |
| ടി.എസ് നമ്പർ | 939/2018-19 |
| ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ | എ.പി രാമകൃഷ്ണൻ |
| എഗ്രിമെന്റ് നമ്പർ | എ.ഇ/67/18-19 തീയ്യതി 15.2.19 |
| എം.ബുക്ക് നമ്പർ | 192/17-18 |
| പൂർത്തീകരിച്ച ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രവൃത്തിമൂല്യം | 530453/- രൂപ |

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മേൽ പദ്ധതിയിൽ, തിരുവമ്പാടി ഗ്രാമപഞ്ചായത്തിലാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. കെട്ടിടം പൂർത്തിയാക്കുന്നതിന് മുമ്പ് തന്നെ യന്ത്രസാമഗ്രികൾ വാങ്ങിയത് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയായ ശേഷം ക്ലീൻ കേരള അധികൃതർ നടത്തിയ പരിശോധയിൽ പൂർത്തിയാക്കിയ വയറിങ്, യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് പര്യാപ്തമല്ല എന്ന് പരാമർശിച്ചതിനെ തുടർന്ന് 22.8.2019 തീയ്യതിയിലെ എ1/05/19 നമ്പർ കത്ത് പ്രകാരം ഇക്കാര്യം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചതായ രേഖകൾ ഫയലിൽ കാണുന്നില്ല. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാര്യങ്ങൾ വിശദമാക്കേണ്ടതാണ്.

1. പദ്ധതിയ്ക്കു വേണ്ടി ക്ലീൻ കേരളയുമായി എത്തരത്തിൽ വ്യവസ്ഥ ചെയ്തിരുന്നു എന്നതിന്റെ വിവരം, വയറിംഗിൽ ചൂണ്ടിക്കാണിക്കപ്പെട്ട അപര്യാപ്തതയുടെ വിവരം.
2. കെട്ടിടത്തിന്റെ വയറിംഗ് അപര്യാപ്തമാണ് എന്ന് ക്ലീൻ കേരള അധികൃതർ രേഖാമൂലം അറിയിച്ചതിന്റെ വിശദാംശങ്ങൾ
3. 22.8.2019 തീയ്യതിയിൽ നല്കിയ എ1/05/19 നമ്പർ കത്തിന്മേൽ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ.
4. MRF കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ. യന്ത്രസാമഗ്രികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ. പദ്ധതി പ്രവർത്തനക്ഷമമായോ എന്നത് സംബന്ധിച്ച വിവരങ്ങൾ.
5. പ്രോജക്ട് മോണിറ്ററിങ് നടത്തിയ സംബന്ധിച്ച വിവരങ്ങളൊന്നും പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി മിനുട്സ് ബുക്കിലോ, പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് മിനുട്സ് ബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനുള്ള കാരണം.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-11 നെല്ലിപ്പൊയിൽ വിജയ വായനശാല കെട്ടിടനിർമ്മാണം -പ്രോജക്ട് നടത്തിപ്പിലെ അപാകത

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നെല്ലിപ്പൊയിൽ വിജയ വായനശാല കെട്ടിട നിർമ്മാണം എന്ന പേരിൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 69/19 |
| | |

| | |
|---|---|
| പ്രോജക്റ്റ് | നെല്ലിപ്പൊയിൽ വിജയ വായനശാല കെട്ടിടനിർമ്മാണം. |
| വകയിരുത്തിയ തുക | 5 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 453651/- രൂപ |
| ഫണ്ട് | വികസനഫണ്ട് -പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ/തിയ്യതി ,തുക | 22/18 തിയ്യതി 27.3.19 , 453651 രൂപ |
| ടി.എസ് നമ്പർ ,തുക | 78420 / 18-19, 20 ലക്ഷം രൂപ |
| എം.ബുക്ക് | 154/18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 453651/- രൂപ |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ബഹുവർഷ പ്രോജക്റ്റ് ആയാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. കെട്ടിട നിർമ്മാണത്തിനുള്ള പ്ലോട്ടിന് 5 സെന്റ് വിസ്തൃതിയാണുള്ളത്. പഴയ കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കുന്ന ഈ പദ്ധതിയിൽ, 15 ലക്ഷം രൂപയുടെ പ്രവൃത്തി 2019-20 സാമ്പത്തിക വർഷത്തിൽ ചെയ്യുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തി നടന്നു കൊണ്ടിരിക്കെ, 11.1.2019 തീയ്യതിയിൽ എ.ഇ/ജന/18-19 നമ്പർ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ, താമരശ്ശേരി താലൂക്ക് തഹസിൽദാർക്ക് കത്തിൽ വായനശാലയുടെ പ്ലോട്ടിൽ അതിർത്തി തർക്കം നിലനിൽക്കുന്നതിനാൽ നടപടി സ്വീകരിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികളുടെ വിവരം ഫയലിൽ നിന്നും ലഭിച്ചിട്ടില്ല. ലൈബ്രറി, കോടഞ്ചേരി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണോ എന്നതും വ്യക്തമല്ല. ആസ്തിയിൻമേലുള്ള ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ ബഹുവർഷ പദ്ധതി ആസൂത്രണം നടത്തുകയും ആയതിലേക്ക് ചെലവ് ചെയ്യുകയും ചെയ്യുന്നത് പദ്ധതി പണത്തിന്റെ ദുർവിനിയോഗത്തിന് കാരണമാകുന്നു.

ആയതിനാൽ ആസ്തി സംബന്ധിച്ച രേഖകളും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വ്യക്തമായ രേഖകളുടെ അഭാവത്തിൽ 453651/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-12 മുഴിപ്രത്ത് പൊയിൽ കോളനി സമഗ്ര വികസനം - പ്രോജക്ട് പൂർത്തിയായില്ല

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മുഴിപ്രത്ത് പൊയിൽ കോളനി സമഗ്ര വികസന പ്രോജക്റ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 161/19 |
| പ്രോജക്റ്റ് | മുഴിപ്രത്ത് പൊയിൽ കോളനി സമഗ്ര വികസനം |
| വകയിരുത്തിയ തുക | 83843/- രൂപ |
| ചെലവഴിച്ച തുക | 80577/- രൂപ |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ /തിയ്യതി, തുക | 11/18-19/14.8.18, 80577/- രൂപ |
| എം.ബുക്ക് നമ്പർ | 75/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 496734/- രൂപ |

സമഗ്ര വികസനം എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്തുവെങ്കിലും വാട്ടർ ടാങ്ക് നിർമ്മിക്കുക മാത്രമാണ് ചെയ്തത്. കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലാണ് പദ്ധതി സ്ഥിതി ചെയ്യുന്നത്. വാട്ടർ ടാങ്ക് നിർമ്മിച്ചതല്ലാതെ അനുബന്ധ സൗകര്യങ്ങളൊന്നും പദ്ധതിയുടെ ഭാഗമാക്കി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടില്ല. അനുബന്ധ പ്രവൃത്തികളുടെ അഭാവത്തിൽ നിലവിൽ വാട്ടർ ടാങ്ക് പ്രയോജനമില്ലാത്ത അവസ്ഥയിലാണ്. ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ട് ആയി നടപ്പാക്കേണ്ടിയിരുന്നു എങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ 80577/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.
പദ്ധതി പൂർത്തിയാക്കി കമ്മിഷൻ ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച ഉല്പന്ന വിപണന കേന്ദ്രം (വനിത) – പ്രോജക്ട് നടത്തിപ്പിലെ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ഉല്പന്ന വിപണന കേന്ദ്രം (വനിത) പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 146/19 |
| പ്രോജക്ട് | ഉല്പന്ന വിപണന കേന്ദ്രം(വനിത) |
| ചെലവഴിച്ച തുക | 565604/- രൂപ |
| ട്ര.ബി നം/തീയതി,തുക | 17/5.1.19 , 565604/- രൂപ |
| എം.ബുക്ക് നമ്പർ | 76/17-18 , 185/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 924403/- രൂപ |
| വിപണന കേന്ദ്രം സ്ഥിതി സ്ഥലം | ഓമശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട താഴെപ്പറയുന്ന വസ്തുതകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2 ലക്ഷം രൂപ വിപണന കേന്ദ്രത്തിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾക്കുവേണ്ടി, ഗ്രാമപഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ ചെലവ് വന്നിട്ടില്ല. കെട്ടിടം പണി പൂർത്തീകരിച്ചെങ്കിലും ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല.
2. 29.01.2018 തീയതിയിലെ സ.ഉ.(കൈ)11/2018/ത.സ്വ.ഭ.വ ഖണ്ഡിക 3.5.4 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് സംയുക്ത പ്രോജക്ട് ആയിട്ടല്ല ഈ പ്രോജക്ട് വിഭാവനം ചെയ്തത്.
3. ഓമശ്ശേരി ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് വിഭാഗത്തിൽ അന്വേഷിച്ചതിൽ, ഈ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായില്ല. പ്രോജക്ട് മോണിറ്ററിങ് സംബന്ധിച്ച വിവരങ്ങൾ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്ട്സ് ബുക്കിൽ നിന്നും ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ വിപണന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്. വിപണനകേന്ദ്രം പ്രവർത്തനസജ്ജമാകാത്ത സാഹചര്യത്തിൽ ഇതിനുവേണ്ടി ചെലവഴിച്ച 565604/- രൂപ തടസ്സപ്പെടുത്തുന്നു. കേന്ദ്രം പ്രവർത്തനസജ്ജമാക്കി വിവരം അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതല്ലാത്ത ആസ്തികളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കി

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ നടപ്പാക്കിയ വഴിക്കാവ് റെഗുലേറ്റർ കം ബ്രിഡ്ജ് മെയിന്റനൻസ് എന്ന പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 25/19 |
| പ്രോജക്ട് | വഴിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് മെയിന്റനൻസ് |
| ചെലവഴിച്ച തുക | 450791/- രൂപ |
| ട്ര.ബി നമ്പർ/തിയ്യതി,തുക | 48/18-19/21.3.19, 450791/- രൂപ |
| ഭരണാനുമതി | 75/17-18 / 28.3.18 |
| എം.ബുക്ക് നമ്പർ | 238/18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 450791/- രൂപ |
| പ്രോജക്ട് സ്ഥിതി ചെയ്യുന്ന സ്ഥലം | കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പരിധിയിൽ. |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വഴിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പഴയ മൈനർ ഇറിഗേഷൻ പ്രോജക്ട് ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിൽനിന്നു തന്നെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ലാത്ത ഒരു ആസ്തിയിന്മേലാണ് അറ്റകുറ്റപ്പണികൾ നടത്തിയത് എന്ന് വ്യക്തമാകുന്നു. കൈമാറിക്കിട്ടിയിട്ടില്ലാത്ത ആസ്തിയിൻമേൽ പദ്ധതി പണം ചെലഴിച്ചതിന് കാരണം വിശദീകരിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-15 മാർഗ്ഗരേഖക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണ പ്രോജക്ട് നടപ്പാക്കി

2018-19 വർഷത്തിൽ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, പുതുപ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ ഈസ്റ്റ് കുപ്പായക്കോട് വയോജനകേന്ദ്രം കെട്ടിടനിർമ്മാണം പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 148/19 |
| പ്രോജക്ട് | ഈസ്റ്റ് കുപ്പായക്കോട് വയോജന കേന്ദ്രം, പുതുപ്പാടി |
| ചെലഴിച്ച തുക | 175440/- രൂപ |
| ഫണ്ട് | വികസനഫണ്ട്-(പൊതു) |
| ടി.എസ് നമ്പർ | 86419/17-18 |
| എസ്റ്റിമേറ്റ് നമ്പർ | 2017/118846 |
| ട്രഷറി ബിൽ നമ്പർ,തിയ്യതി.തുക | 3/18-19/16.11.18, 175440/-രൂപ |
| എം.ബുക്ക് നമ്പർ | 101/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 1125440/- രൂപ |

29.1.2018 തീയ്യതിയിലെ സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ, ഖണ്ഡിക 3.5.1(9) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിങ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയിവേണം തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിന് വിരുദ്ധമായി ജനൽ-വാതിൽ ഘടിപ്പിക്കൽ, പ്ലംബിങ്, ഇലക്ട്രിഫിക്കേഷൻ, ഫിനിഷിങ്, ഫ്ലോറിങ് എന്നിവയൊന്നും ഉൾപ്പെടാതെയാണ് മേൽ പ്രവൃത്തിയുടെ

എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയത്. ആയതിനാൽ കെട്ടിടം നിലവിൽ ഉപയോഗയോഗ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ അന്വേഷിച്ചതിൽ അറിയാൻ കഴിഞ്ഞത്. പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കാതിരുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.

# 1-16 കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കി

1.10.2017 തീയ്യതി പ്രാബല്യത്തോടെ കോഴിക്കോട് ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 42.16 ശതമാനത്തിൽ നിന്നും 37.25 ശതമാനമായി കുറച്ചിട്ടുണ്ട്. എന്നാൽ താഴെക്കാണിച്ചിരിക്കുന്ന പ്രോജക്ടുകളിൽ ഇക്കാര്യം പരിഗണിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കിയത്. ഈ പ്രോജക്ടുകളിൽ 1.10.2017 തീയ്യതിക്ക് മുൻപായി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് മേൽ തീയ്യതിക്കു ശേഷമാണ്. കുറഞ്ഞ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി സാമ്പത്തികഭാരം കുറക്കുന്നതിനുള്ള ശ്രമം അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| (i) പ്രോജക്ട് നമ്പർ | 134/19 |
| പ്രോജക്ട്<br>വകയിരുത്തിയ തുക | കള്ളിക്കണ്ടം – 8 ഏക്ര റോഡ് നവീകരണം<br>8,50,000/- രൂപ |
| ടി.എസ് നമ്പർ, തിയ്യതി | 53390/17-18/5.8.17 |
| ടെണ്ടർ തിയ്യതി | 14.11.17 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ | 768794/- രൂപ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| (ii) പ്രോജക്ട് നമ്പർ | 136/19 |
| പ്രോജക്ട്<br>വകയിരുത്തിയ തുക | കുന്നുമ്മൽ കുടിവെള്ള പദ്ധതി<br>77826/- രൂപ |
| ടി.എസ് നമ്പർ | 53744/17-18 |
| ടെണ്ടർ തിയ്യതി | 14.11.17 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ | 448763/- രൂപ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| (iii) പ്രോജക്ട് നമ്പർ | 137/19 |
| പ്രോജക്ട്<br>വകയിരുത്തിയ തുക | ചാലക്കര അങ്കണവാടി പൂർത്തീകരണം<br>447317/- രൂപ |
| ടി.എസ് നമ്പർ | 41736/17-18 |
| ടെണ്ടർ തിയ്യതി | 14.11.17 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ | 407534/- രൂപ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഇത്തരത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികഭാരം ലഘൂകരിക്കാൻ ലഭിക്കുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 കരിപ്പാക്കുടി - തൊണ്ടിമല റോഡ് നവീകരണം - ചുമതലയിൽ പെടാത്ത പ്രോജക്ട് നടപ്പാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ കരിപ്പാക്കുടി -തൊണ്ടിമല നവീകരണം എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 155/19 |
| പ്രോജക്ട്<br>വകയിരുത്തിയ തുക | കരിപ്പാക്കുടി-തൊണ്ടിമല നവീകരണം<br>478995/- രൂപ |
| ചെലവഴിച്ച തുക | 468154/- രൂപ |
| ഫണ്ട് | വികസനഫണ്ട്-പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | 13/18-19/5.1.19, 468154/- രൂപ |
| ഭരണാനുമതി | 02/18-19/17.4.18 |
| ടി.എസ് നമ്പർ | 47532/17-18 |
| എസ്റ്റിമേറ്റ് നമ്പർ | 2017/67014 |
| എം.ബുക്ക് നമ്പർ | 214/18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 468154/- രൂപ |
| റോഡ് സ്ഥിതി ചെയ്യുന്നത് | കോടഞ്ചേരി ഗ്രാ.പ |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡ് നിർമ്മാണത്തിനു വേണ്ടിയാണ്, എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. നിലവിലുള്ള റോഡിൽ നിന്നും ഒരു നെൽപ്പാടത്തേക്ക് എത്താൻ മറ്റു മാർഗ്ഗങ്ങളില്ല എന്ന കാരണത്താലാണ് റോഡ് വിഭാവനം ചെയ്തിരിക്കുന്നത്. 74 മീറ്റർ നീളത്തൽ retaining wall കെട്ടി മണ്ണിട്ട് നിറക്കൽ മാത്രമാണ് റോഡ് പ്രവൃത്തിയിൽ ഉൾപ്പെട്ടിരിക്കുന്നത്. മണ്ണിട്ട് നിറക്കൽ sub grade നിർമ്മാണം എന്ന പേരിലാണ് നടപ്പാക്കിയത്.

റോഡ് നിർമ്മാണത്തിന്റെ മറ്റ് ഘട്ടങ്ങളായ ടാറിങ്, ചിപ്പിങ് കാർപ്പറ്റ് എന്നിവയൊന്നും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 166 നാലാം പട്ടിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ ക്രമനമ്പർ IX (1) പ്രകാരം ഒന്നിലധികം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വില്ലേജ് റോഡുകളുടെയും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളുടെയും പരിപാലനമാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല. ഇവിടെ ഒരു പഞ്ചായത്തിൽ തന്നെയുള്ള വെറും 76 മീറ്റർ മാത്രമുള്ള റോഡ് ആണ് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചത്. മാത്രമല്ല റോഡ് നിർമ്മാണം എന്ന പേരിൽ സബ്-ഗ്രേഡ് നിർമ്മാണം മാത്രമാണ് നടപ്പാക്കിയത്. ഇത് റോഡ് നിർമ്മാണത്തിനുള്ള സ്പെസിഫിക്കേഷനുകൾക്ക് വിരുദ്ധമാണ്. നിർമ്മിച്ച റോഡിന് 6 മീറ്ററിൽ താഴെ മാത്രമേ വീതിയുള്ളൂ എന്നതും ശ്രദ്ധേയമാണ്. 29.1.2018 തീയ്യതിയിലെ സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ. പ്രകാരമുള്ള മാർഗ്ഗരേഖ ഖണ്ഡിക 7.13(3) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽപ്പെട്ട 6 മീറ്ററിൽ കുറയാതെ വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടത്.

പദ്ധതി നിർവ്വഹണത്തിൽ ബ്ലോക്ക് പഞ്ചായത്ത് ചുമതലയിൽപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-18 സർക്കാർ നിർദ്ദേശപ്രകാരമല്ലാതെ അധിക പലിശ നിരക്കിൽ വായ്പയെടുത്തു

പ്രോജക്ട് നം - 03/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 500000/- രൂപ (വികസന ഫണ്ട്)

ചെലവ് തുക - 500000/- രൂപ (ബിൽ നം.6/18-19, 24.07.2018)

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കിയ ഇന്ദിരാ ആവാസ യോജന ഗുണഭോക്താക്കൾക്ക് 2012-13 വർഷത്തിൽ ഒരു വീടിന് 75000/- രൂപ വീതം വർദ്ധിപ്പിച്ച നിരക്കിലുള്ള അധിക വിഹിതമായി നൽകുന്നതിനു വേണ്ടി കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് ഭരണസമിതി തീരുമാനിച്ചു. (നം.97(2)/12-13, 27.04.2013). 14.03.2013 ലെ ജി.ഒ.(എം.എസ്)90/2013/ തസ്വഭവ ഉത്തരവ് പ്രകാരം ഇതിനായി വായ്പ എടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട് . 2013-14 വർഷത്തിൽ ഇതിനായി 82,94,872/- രൂപ വായ്പ എടുത്തിരുന്നു. കാരശ്ശേരി ബാങ്കിന്റെ താമരശ്ശേരി സബ് സെന്ററിൽ നിന്നും 15% പലിശ നിരക്കിൽ 10 വർഷത്തെ കാലാവധിയായിട്ടാണ് വായ്പ അനുവദിച്ചിട്ടുള്ളത്. കരാർ പ്രകാരം വായ്പ തുകയും 11.25% പലിശയും സർക്കാർ നൽകുന്നതും, 3.75% പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും തിരിച്ചടയ്ക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 3.75% നിരക്കിൽ 2013-14 മുതൽ 2018-19 പലിശ അടവാക്കിയിട്ടുണ്ട്.

| വർഷം | അടവാക്കിയ തുക | അടവാക്കേണ്ട തുക | അധികം |
|---|---|---|---|
| 2013-14 | 1,55,000 | 154874 | |
| 2014-15 | 2,50,000 | 310870 | |
| 2015-16 | 2,50,000 | 311058 | |
| 2016-17 | 250000 | 311058 | 195024 |
| 2017-18 | 500000 | 311058 | |
| 2018-19 | 500000 | 311058 | |
| ആകെ | 1905000 | 1709976 | |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

**<u>1. പലിശയിനത്തിൽ അധിക തുക അടവാക്കി.</u>**

2018-19 ൽ മേൽ പദ്ധതി പ്രകാരം പലിശയിനത്തിലേക്ക് 500000/-രൂപ അടവാക്കിയിട്ടുണ്ട്. പ്രോജക്ടിൽ തുക വകയിരുത്തി ചെലവഴിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. പലിശ സംബന്ധിച്ച വിവരം

ബാങ്കിൽ നിന്ന് ലഭിയ്ക്കുന്നതിനായി ബാങ്കുമായി കത്തിടപാടുകൾ നടത്തുകയോ, അടയ്ക്കേണ്ട പലിശ കണക്കാക്കുകയോ ചെയ്യാതെയാണ് പ്രൊജക്ട് വെച്ച് 500000/- രൂപ പലിശയിലേയ്ക്ക് അടവാക്കിയിട്ടുള്ളത്. 18.05.2019 ന് ഗ്രാമ വികസന കമ്മീഷണർ 18941/എച്ച്&ടി 4/16 /സി.ആർ.ഡി നമ്പർ കത്ത് പ്രകാരം വായ്പയുടെയും തിരിച്ചടവ് തുകയുടെയും പലിശയുടെയും കണക്കുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഈ വിവരങ്ങൾ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർക്ക് ലഭ്യമാക്കുന്നതിനു വേണ്ടി ബാങ്കിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും, ബാങ്ക് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2019 വരെ ബ്ലോക്ക് പഞ്ചായത്ത് നൽകേണ്ടിയിരുന്ന പലിശ തുക 17,09,976/- രൂപയാണ് എന്ന് വ്യക്തമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പലിശ ഇനത്തിൽ ഇതുവരെ 19,05,000/- രൂപ അടവാക്കിയിട്ടുണ്ട്. അതായത്, 1,95,024/- രൂപ അധികം അടവാക്കിയിട്ടുണ്ട്. അധികമായി അടച്ച തുക ക്രമീകരിച്ചു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. <u>സർക്കാർ അനുമതിയില്ലാതെ അധിക പലിശ നിരക്കിൽ വായ്പ എടുത്തു</u>

26.04.2013 ലെ ജി.ഒ(എം.എസ്)162/2013/ത.സ്വ.ഭ.വ ഉത്തരവുകളിലൂടെ സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും 2011-12 വർഷത്തിൽ കരാർ വച്ച എല്ലാ ഐ.എ.വൈ. ഗുണഭോക്താക്കൾക്കും അധിക വിഹിതം നൽകുന്നതിന് ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും 11.25% പലിശ നിരക്കിൽ വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ താമരശ്ശേരി ബ്രാഞ്ചിൽ നിന്നും 15% പലിശ നിരക്കിൽ വായ്പയെടുക്കുന്നതിനും വായ്പ തുകയും 11.25% പലിശയും സർക്കാർ തിരിച്ചടയ്ക്കുന്നതിനാൽ ബാങ്കിന് നൽകേണ്ട അധിക പലിശ നിരക്കായ 3.75% നിരക്കിലുള്ള അധിക പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് നൽകുന്നതിനും ഭരണസമിതി തീരുമാനിച്ചു (നം.100(5)/13-14, 16.05.2013). തുടർന്ന് ബാങ്ക് പ്രസ്തുത പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 189 വീടുകൾക്കുള്ള 8582630/- രൂപ വായ്പ അനുവദിച്ചു. തുടർന്ന് 31.05.2013 ബ്ലോക്ക് പഞ്ചായത്ത്, ബാങ്കുമായി കരാറിലേർപ്പെട്ടു. 09.10.2013 ലെ(കൈ) 332/13/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും, തിരിച്ചടവാക്കുന്നതുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ മേൽ ഉത്തരവുകളിലൊന്നും സർക്കാർ നിശ്ചയിച്ച പലിശ നിരക്കിൽ അധികമായി വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധി ലംഘിച്ച് ഉയർന്ന പലിശ നിരക്കിൽ ഭവനപദ്ധതിക്കായി പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത തന്നെ താളം തെറ്റിക്കുന്ന തരത്തിൽ വായ്പ എടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. 24.10.2013 ന് ചേർന്ന ഭരണ സമിതി യോഗത്തിൽ 11.25% പലിശ നിരക്കിൽ വായ്പ നൽകുന്നതിന് ബാങ്കുകൾ തയ്യാറല്ലാത്ത സാഹചര്യത്തിൽ 11.25% ത്തിൽ അധികരിയ്ക്കുന്ന തുക എങ്ങനെ കണ്ടെത്തുമെന്നതിനുള്ള വ്യക്തത വരുത്തുന്നതിന് നടപടികൾ ഉണ്ടാകുന്നതിനായി സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നമ്പർ -136(6)/2013-14/)എന്നാൽ ഇതു സംബന്ധിച്ച് തുടർ നടപടികളൊന്നും എടുത്തിട്ടില്ല. ഭവന പദ്ധതിയിലേക്ക് വായ്പ എടുക്കുന്നതിനായി കാരശ്ശേരി സർവ്വീസ് സഹകരണ നിശ്ചയിച്ച പലിശ നിരക്കിൽ വായ്പയെടുക്കുവാൻ ഉണ്ടായ സാഹചര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ നടപടികൾ എന്തെങ്കിലും ആരാഞ്ഞതായി കാണുന്നില്ല. സർക്കാർ അംഗീകരിച്ച നിരക്കിലും അധികരിച്ച് വായ്പ എടുത്തത് പഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ നഷ്ടം വരുത്തുന്നതിന് വഴിവെച്ചു.

3.<u>വായ്പാ തിരിച്ചടവ്- സർക്കാറിന്റെ ബാധ്യത - യഥാസമയം വിവരം നൽകിയിട്ടില്ല- മുതലും പലിശയുമടക്കം 1,36,73,639/- രൂപ അടവാക്കാൻ ശേഷിക്കുന്നു</u>

മേൽ ഉത്തരവുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 2013-14 വർഷത്തിൽ എടുത്തിട്ടുള്ള വായ്പ തുകയായ 8291872/- രൂപയും അതിന് 11.25% പലിശയും തിരിച്ചടയ്ക്കേണ്ട ബാധ്യത സർക്കാറിനാണ്. ഈ ബാധ്യത

സംബന്ധിച്ച് വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്ന നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. 18.05.2019 ന് ഗ്രാമ വികസന കമ്മീഷണർ 18941/എച്ച്&ടി 4/16 /സി.ആർ.ഡി നമ്പർ കത്ത് പ്രകാരം വായ്പയുടെയും തിരിച്ചടവ് തുകയുടെയും പലിശയുടെയും കണക്കുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൻ ഈ വിവരങ്ങൾ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർക്ക് ലഭ്യമാക്കുന്നതിനാണ് ആദ്യമായി ബ്ലോക്ക് പഞ്ചായത്ത് ബാങ്കിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. 01.07.2019 ൽ ബ്ലോക്ക് പഞ്ചായത്ത് ഡി.1004/12(1) നമ്പർ കത്ത് പ്രകാരം ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്ട് ഡയറക്ടർക്ക് അയച്ച കത്തിൽ 8294872/- രൂപ വായ്പയെടുത്തതിന് 2013-14 മുതൽ 2018-19 വരെ വായ്പാതുക 8294872/- രൂപയും 11.25% പലിശയിനത്തിൽ 5129921/- രൂപയും പിഴപ്പലിശയിനത്തിൽ 248846/- രൂപയും (ആകെ പലിശ 5378767 രൂപ) സർക്കാരിന് ബാധ്യതയായിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/18-19) മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് വർഷത്തിൽ പലിശയിനത്തിൽ അധികം ചെലവഴിച്ച 195024/- രൂപ തിരികെ ഈടാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

# 1-19 ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം അനുവദിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് – എസ്.ഒ 17/2018-19

നിർവ്വഹണം – സി.ഡി.പി.ഒ

അടങ്കൽ – 22,01,762/- രൂപ (വികസന ഫണ്ട്)

ചെലവ് – 21,98,000/- രൂപ ( ബിൽ നമ്പർ - 2/18-19 dtd 22.03.2019)

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നിടപ്പിലാക്കിയിട്ടുള്ള മേൽ പദ്ധതിയിൽ 21,98,000/- രൂപ ചെലവഴിച്ച് 28 സൈഡ് വീൽ സ്കൂട്ടർ വാങ്ങി, ബ്ലോക്ക് പഞ്ചായത്തിലെ 9 ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 14.02.2018 ലെ സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ. ഇത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.12.2 പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി നൽകുമ്പോൾ ഗുണഭോക്താവിന് ഈ വാഹനം ഓടിക്കാൽ ലേണേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണം. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ലൈസൻസ് ഇല്ലാതെയാണ് സ്കൂട്ടർ വാങ്ങി നൽകിയിട്ടുള്ളത്.

1.കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിലെ ശ്രീ. അബ്ദുൾ മുനീർ

2.മടവൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീ. പി. ഉണ്ണികൃഷ്ണൻ.

3.മടവൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീ. അബ്ദുൾ ഖാദർ

2. മേൽ ഉത്തരവ് പ്രകാരം ഗുണഭോക്താവ് സ്കൂട്ടർ ഓടിക്കാൻ കഴിവുള്ളയാളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. ഇവിടെ സ്കൂട്ടർ നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കളിൽ നിന്ന് ഈ രേഖ ലഭ്യമാക്കിയിട്ടില്ല.

1. കോടഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ശ്രീ. രജീഷ്. (ഈ ഗുണഭോക്താവിന് മെഡിക്കൽ ബോർഡ് നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം 80% വൈകല്യമുള്ള ആളാണ്).

2.കോടഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ശ്രീ. ചന്ദ്രൻ.പി.എ.

3. കോടഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ശ്രീ. കുഞ്ഞിമുഹമ്മദ്.

4.കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിലെ ശ്രീ. അബ്ദുൾ മുനീർ

3. ഓരോ ഗുണഭോക്താവിനും അവരുടെ വൈകല്യത്തിന് അനുയോജ്യമായ മോഡലിലുള്ള വാഹനങ്ങളാണ് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങി നൽകേണ്ടത്.
എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മെഡിക്കൽ ഓഫീസർ നൽകിയ റിപ്പോർട്ടിൽ സ്കൂട്ടറിൽ ബാക്ക് റെസ്റ്റ് ഉണ്ടായിരിക്കണമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്കൂട്ടർ വാങ്ങി നൽകിയപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ ഈ ആവശ്യകത പരിഗണിച്ചിട്ടില്ല.

1.തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ ശ്രീ. കുഞ്ഞൻ.

2.മടവൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീ. പി. ഉണ്ണികൃഷ്ണൻ.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/18-19) മറുപടി ലഭ്യമാക്കിയില്ല. മേൽ കാരണങ്ങളാൽ 7 സ്കൂട്ടറിന്റെ വിലയായ 549500/- രൂപയുടെ (78500 x 7) ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-20 ആവശ്യകത നിർണയിക്കാതെ പോഷകാഹാര വിതരണത്തിന് ഫണ്ട് നൽകി

പ്രൊജക്ട് – എസ്.ഒ 95/2018-19 അങ്കണവാടി പോഷകാഹാര വിതരണം -ബ്ലോക്ക് വിഹിതം

നിർവ്വഹണം – സി.ഡി.പി.ഒ

അടങ്കൽ – 900000/- രൂപ (വികസന ഫണ്ട്)

ചെലവ് – 900000/- രൂപ ( ബിൽ നമ്പർ . 1/18-19/25.07.2018)

സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നിടപ്പിലാക്കിയിട്ടുള്ള മേൽ പദ്ധതിയിൽ 900000/- രൂപ പോഷകാഹാര വിതരണ പദ്ധതികളുടെ നടത്തിപ്പിനായി, 3 ഗ്രാമപഞ്ചായത്തുകൾക്ക് 300000/- വീതം കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>ആവശ്യകത നിർണയിക്കാതെ ഫണ്ട് കൈമാറി</u>**

പോഷകാഹാര വിതരണത്തിനായി മടവൂർ ഗ്രാമ പഞ്ചായത്തിന് 300000/- നല്കിയത് പദ്ധതിയ്ക്ക് എത്ര തുകയാണ് ആവശ്യമുള്ളത് എന്ന് അറിയാതെയാണ്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പ്രൊജക്ട് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഹാജരാക്കിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രത്തിൽ കത്ത് നമ്പർ തിയ്യതി, പദ്ധതിയുടെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
ഓമശ്ശേരി ഗ്രാമപഞ്ചായത്തിന് നൽകിയ 300000/- രൂപയിൽ 247658/- രൂപയേ തൻവർഷം വിനിയോഗിച്ചിട്ടുള്ളൂ. 52342/- രൂപ ചെലവഴിയ്ക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്കായി ഫണ്ടു നൽകിയ തദ്ദേശസ്ഥാപനം തൻവർഷങ്ങളിൽ ചെലവായിക്കാണിച്ചിട്ടുള്ള തുകകൾ ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ജി.ഒ.(പി)നം119/2015/ധനം/21.03.15 ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

ജി.ഒ. (പി)11/18/ത.സ്വ.ഭ.വ. 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി തുക കൈമാറുന്ന തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിലേർപ്പെടണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല. 52342/- രൂപ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി തുക മറ്റു സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ബിൽ നമ്പർ/ തിയ്യതി, തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | എരഞ്ഞോണക്കുന്ന് കുടിവെള്ള പദ്ധതി (117/2018-19) ഓമശ്ശേരി ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 15/18-19<br>31.07.2018<br>500000/- രൂപ | ജി.ഒ.(പി)11/18/ത.സ്വ.ഭ.വ 20.01.2018 നംപർ പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രൊജക്ടു കൾക്കായി തുക കൈമാറുന്ന തദ്ദേശസ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിലേർപ്പെടണ-<br>മെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 2 | വള്ളോപ്രച്ചാലിൽ അങ്കണവാടി കെട്ടിട നിർമ്മാണം(13/2018-19) മടവൂർ ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 42/17-18/<br>21-02-2018<br>600000/- രൂപ | മേൽ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തീ കരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 3 | കായലമുക്ക് പൂവ്വത്തൊടി കുടിവെള്ള പദ്ധതി (45/18-19) കേരള ജല അതോറിറ്റിയ്ക്ക് തുക കൈമാറി | 47/18-19<br>17.10.19<br>500000/- രൂപ | പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ തീരുമാനം, പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 4 | തിരുവമ്പാടി ശ്മശാന നിർമ്മാണം (29/18-19) | 70/18-19<br>13.12.18<br>1000000/- രൂപ | 19.11.19 ന് പഞ്ചായത്ത് ലഭ്യമാക്കിയ എ1-1235/19 നമ്പർ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം 916630/- രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. 83370/- രൂപ വിനിയോഗിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | ഗ്രാമപഞ്ചായത്തിന് തുക കൈമാറി | | |
| 5 | സിഎച്ച്.സി .കോളനി കുടി വെള്ള പദ്ധതി (115/18-19) കേരള ജല അതോറിറ്റിയ്ക്ക് തുക കൈമാറി | 83/18-19<br>20.03.19<br>3040000/- രൂപ | പ്രവർത്തിയ്ക്കായി തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ തീരുമാനം പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. |

പദ്ധതികളുടെ രൂപീകരണം മുതൽ ലക്ഷ്യപ്രാപ്തി കൈവരിയ്ക്കുന്നത് വരെ പദ്ധതി മോണിറ്റർ ചെയ്യേണ്ട വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയ്ക്ക് ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/18-19) മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 4723370/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 കേന്ദ്ര വിഹിതം ഫണ്ട് ലഭിയ്ക്കാത്തതിനാൽ ഇന്ദിര ആവാസ് യോജന -ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാതെ അവശേഷിക്കുന്നു

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ 2007-08 വർഷം മുതൽ 2014-15 വർഷം വരെ നടപ്പിലാക്കിയിട്ടുള്ള വിവിധ ഭവന നിർമാണ പദ്ധതികളിൽ ഗുണഭോക്താക്കൾ അവസാന ഗഡു തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. 141 ഗുണഭോക്താക്കളാണ് ഇത്തരത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നത്. ഈ പദ്ധതിയിലേയ്ക്ക് കേന്ദ്ര വിഹിതമിനത്തിൽ ലഭിക്കേണ്ട തുക ലഭിയ്ക്കാത്തതിനാലാണ് പദ്ധതി പൂർത്തീകരിയ്ക്കാത്തത് എന്ന് പഞ്ചായത്ത് വിശദീകരിയ്ക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കേണ്ട ആകെ തുക |
|---|---|---|
| കട്ടിപ്പാറ | 16 | 883750 |
| കിഴക്കോത്ത് | 17 | |
| കോടഞ്ചേരി | 8 | |
| കൊടുവള്ളി (11-12, 12-13) | 4 | |
| കൂടരഞ്ഞി | 7 | |
| മടവൂർ | 19 | |
| ഓമശ്ശേരി | 19 | |
| | | |

| | | |
|---|---|---|
| പുതുപ്പാടി | 19 | |
| താമരശ്ശേരി | 14 | |
| തിരുവമ്പാടി | 18 | |
| ആകെ | 141 | 883750 |

2007-08 വർഷം മുതൽ 2014-15 വർഷം വരെയുള്ള കാലങ്ങളിൽ നടപ്പാലാക്കിയിട്ടുള്ള ഇന്ദിരാ ആവാസ് യോജന പദ്ധതി ഇപ്പോഴും പൂർത്തിയാകാതിരിക്കുന്നത് ഗുരുതര വീഴ്ചയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണത്തിനായി അടിയന്തിര നടപടികൾ സ്വീകരിച്ച്, പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-23 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാൻ അവശേഷിക്കുന്നു

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ലൈഫ് ഭവന പദ്ധതി ഒന്നാം ഘട്ടത്തിൽ ആകെ 303 ഗുണഭോക്താക്കൾ ഉള്ളതിൽ 11 ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | ഗുണഭോക്താവ് | അനുവദിയ്ക്കേണ്ട തുക |
|---|---|---|---|
| 1 | കട്ടിപ്പാറ | സുമതി | 236666 |
| 2 | കട്ടിപ്പാറ | രമ്യ | 146666 |
| 3 | കട്ടിപ്പാറ | ബീന | 131666 |
| 4 | പുതുപ്പാടി | ശാന്ത | 64666 |
| 5 | പുതുപ്പാടി | സൗമ്യ | 50666 |
| 6 | മടവൂർ | മാധവി | 47333 |
| 7 | മടവൂർ | അഞ്ചു | 10500 |
| 8 | കൂടരഞ്ഞി | സെലീന | 44300 |
| 9 | കൊടുവള്ളി(11-12) | രജനി | 15166 |
| 10 | കട്ടിപ്പാറ | രാധാമണി | 11333 |
| 11 | കട്ടിപ്പാറ | സത്യൻ | 276000 |

നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടത്തി വരുന്ന നവകേരളം കർമ്മ പദ്ധതിയുടെ പ്രധാന മിഷനുകളിൽ ഒന്നായ സംപൂർണ്ണ പാർപ്പിടം -ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മേൽ കാരണത്താൽ പൂർണ്ണമായില്ല. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന മുഴുവൻ വീടുകളുടെയും മോണിറ്ററിങ്ങ് ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കാണ്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന പദ്ധതി- രണ്ടാം ഘട്ടം- ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകൾ പൂർണ്ണമായി ചെലവഴിച്ചില്ല

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് വിവിധ പദ്ധതികളിലായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ താഴെ കാണിച്ചിട്ടുള്ള പഞ്ചായത്തുകൾ ലഭിച്ച തുക മുഴുവൻ ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ഗ്രാമ പഞ്ചായത്ത് | നൽകിയ തുക | ചെലവഴിയ്ക്കാത്ത തുക |
|---|---|---|---|
| എസ്.ഒ 6/2018-19<br>ലൈഫ് ഭവന പദ്ധതി ജനറൽ<br>ബിൽ നം.<br>42/8.10.18,<br>57/16-11.18<br>89/26.03.19 | പുതുപ്പാടി | 3344000 | 4000 |
| | തിരുവമ്പാടി | 2166000 | 20008 |
| | കൂടരഞ്ഞി | 4124002 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| എസ്.ഒ 7/2018-19<br>ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം<br>ബിൽ നം.<br>40/8.10.18,<br>56/16-11.18 | മടവൂർ | 180000 | 180000 |
| | പുതുപ്പാടി | 1140000 | 40000 |
| | തിരുവമ്പാടി | 480000 | 80000 |
| | കിഴക്കോത്ത് | 60000 | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| | കോടഞ്ചേരി | 120000 | 120000 |
| എസ്.ഒ /2018-19<br>ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗ വിഭാഗം<br>ബിൽ നം.<br>69/13.12.18<br>41/8.10.18, | തിരുവമ്പാടി | 68000 | 68000 |
| | കൂടരഞ്ഞി | 68000 | 8000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/18-19) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 4184002/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ചെലവഴിയ്ക്കാൻ ബാക്കിയുള്ള തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-25 ടെണ്ടർ നടപടികൾ ഒഴിവാക്കി- ചെറിയ

# യൂണിറ്റുകളാക്കി ക്വട്ടേഷൻ ക്ഷണിച്ചു സാധനങ്ങൾ വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - എസ്.ഒ 205/18-19 – ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാൾ നവീകരണം

അടങ്കൽ - 500000/- രൂപ

(208726/-രൂപ -വികസന ഫണ്ട്,

291274/- രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം))

ചെലവ് തുക - 85232/- രൂപ (വികസന ഫണ്ട്)

ബിൽ നമ്പർ - 90/18-19/28.03.19

ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ, ഇലക്ട്രിക്ക് ഫാൻ, കർട്ടൻ, ഡോർ, ഗ്ലാസ് വിൻഡോ, സൺ കൺട്രോൾ സ്ക്രീൻ എന്നിവ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയിൽ താഴെ പറയും പ്രകാരം വിനിയോഗിക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത് .

| | |
|---|---|
| പബ്ലിക്ക് അഡ്രസ് സിസ്റ്റം | 100000 |
| പ്രൊജക്ട് ഡിസ്പ്ലെ | 100000 |
| ജനറേറ്റർ | 50000 |
| ഇൻവെർട്ടർ | 50000 |
| ഇലക്ട്രോ പ്രൂഫ് സിസ്റ്റം | 75000 |
| സൺ സ്ക്രീൻ | 25000 |
| ഇലക്ട്രിക്കൽ ഫിറ്റിങ്ങ്സ് | 100000 |
| ആകെ | 500000 |

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരമുള്ള ഈ വാങ്ങലുകളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. 08.11.2010 ലെ ജി.ഒ(പി)/259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങൾ സമാഹരിയ്ക്കുന്നതിനുള്ള, നടപടി ക്രമങ്ങൾ പാലിച്ചല്ല വാങ്ങൽ നടത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ ഉത്തരവ് പ്രകാരം 100000/- രൂപയിൽ കൂടുതൽ മതിപ്പു വില വരുന്ന വാങ്ങലുകൾക്ക് മത്സരാധിഷ്ഠിത ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങളിലൂടെ യാണ് സാധനങ്ങൾ സമാഹരിക്കേണ്ടത് . എന്നാൽ ഈ പദ്ധതി പ്രകാരമുള്ള വാങ്ങലുകളിൽ, വാങ്ങേണ്ട സാധനങ്ങളെ 4 യൂണിറ്റുകളായി തിരിച്ച് ക്വട്ടേഷൻ മുഖേന ലോക്കൽ പർച്ചേസ് നടത്തിയാണ് സമാഹരിച്ചിട്ടുള്ളത്. സ്റ്റോർ പർച്ചേസ് നിയമ പ്രകാരം ഭാഗികമായി വാങ്ങലുകൾ നടത്താൻ ആവശ്യകതയെ ചെറിയ ഘടകങ്ങളാക്കി വിഭജിക്കാൻ പാടില്ല.

2. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിനും അന്തിമമാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം കൊടുക്കുന്ന ഒരു വാങ്ങൽ ടീം ഉണ്ടായിരിക്കണം. വാങ്ങൽ നടപടികളുടെ എല്ലാ ഘട്ടത്തിലും പ്രൊക്യുവർ ടീം ആണ് നേതൃത്വം നൽകേണ്ടത്. വാങ്ങൽ ടീമിനെ നയിക്കുന്നതിനും മേൽനോട്ടം വഹിയ്ക്കുന്നതിനും പ്രക്യുവർമെന്റ് കമ്മറ്റി ഉണ്ടായിരിയ്ക്കണം. ഇവിടെ പ്രൊക്യുവർമെന്റ് കമ്മറ്റി ഈ സാമ്പത്തിക വർഷത്തിൽ 3 തവണ യോഗം ചേരുകയും സാധനങ്ങൾ വാങ്ങുന്നതിന് അതാത് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും വാങ്ങൽ നടപടികൾ പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് വാങ്ങിയ നടപടികൾ സാധൂകരിയ്ക്കുകയും മാത്രമാണ് ചെയ്യുന്നത്. വാങ്ങൽ രേഖകളുടെ സൂക്ഷ്മ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കേണ്ടത് പ്രോക്യുവർമെന്റ് കമ്മറ്റിയാണ്.
3. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതു മുതൽ കരാർ അവസാനിക്കുന്നതു വരെ പദ്ധതി കാര്യക്ഷമമാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരമുള്ള വാങ്ങലിന് ഈ കമ്മറ്റിയുടെ മോണിറ്ററിങ്ങ് ഉണ്ടായിട്ടില്ല. പദ്ധതി 2018-19 വർഷത്തിൽ പൂർത്തീകരിയ്ക്കാനും സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/18-19) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 85232/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-26 രശീത് പരിശോധന അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ സാംഖ്യ രശീതികൾ, ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കംപ്യൂട്ടർ ജനറേറ്റഡ് സാംഖ്യാ രശീതുകളിൽ മാന്വലായി എഴുതിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ

| തീയ്യതി | സ്റ്റേഷനറി നമ്പർ | രസീറ്റ് നമ്പർ | തുക |
|---|---|---|---|
| 01.01.2019 | 1313832 | 118140100021 | 4500 |
| 14.01.2019 | 1313834 | 118140100023 | 20000 |
| 22.01.2019 | 1313836 | 11814050003 | 1700 |

2. സ്റ്റേഷനറി നമ്പർ 1313806 എന്ന സാംഖ്യാ രസീറ്റ് തീയ്യതി രേഖപ്പെടുത്താതെ 11802040001 നമ്പർ ആയി യാതൊരു പ്രിൻറെുകളും വരാത്ത നിലയിൽ കാണപെടുന്നു.

3. 14.10.2018ന് ഞായർ അവധി ദിനത്തിൽ 1313815 സ്റ്റേഷനറി നമ്പറിൽ 118140100006 എന്ന രസീറ്റ് നമ്പറായി ശ്രീമതി. ശ്രീലതശ്രീധരൻ, മേലേകാരാട്ട് പൊയിൽ, എന്നവർ അദർ രസീപ്റ്റ് എന്ന ഹെഡ്ഡിൽ 400/- രൂപ അടവാക്കിയതായി കാണുന്നു. ആയതിൻറെ കൗണ്ടർ ഫോയിൽ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ക്യാൻസൽഡ് എന്ന് എഴുതിയിട്ടുണ്ടെങ്കിലും സെക്രട്ടറി ഒപ്പ് വെച്ച് സാക്ഷ്യപെടുത്തിയിട്ടില്ല. പ്രസ്തുത കൗണ്ടർ ഫോയിലിനു പിന്നിൽ സാംഖ്യയിലെ തകരാറു കാരണം 22.10.2018ന് അടിച്ച രസീറ്റാണ് 14.10.2018 തീയ്യതിയായി വന്നതെന്നും ഇതേ തുടർന്ന് അതേ തീയ്യതിയിൽ (14.10.2018) ക്യാൻസൽ ചെയ്തതായും സാംഖ്യാതീയ്യതി ശരിയാക്കിയതിന് ശേഷം 22.10.2018ന് വേറെ രസീറ്റ് നൽകിയതായും കാണുന്നു. തീയ്യതിയിൽ സ്ഥിരമായി വരുന്ന ഇത്തരം തകരാർ പരിഹരിക്കുന്നതിന് എെ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റിനോട് ആവശ്യപെട്ടിട്ടുണ്ടെന്ന് രസീതിന് പിന്നിൽ കുറിപ്പ് എഴുതിയിട്ടുണ്ടെങ്കിലും ആയത് ഒപ്പ് വെച്ച് ആധികാരികപ്പെടുത്തിയിട്ടില്ല. കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ എന്ന വർക്കിംഗ് ഗ്രൂപ്പ് 2018-19 കാലയളവിൽ 15.11.18നും 16.12.18നും ചേർന്നെങ്കിലും മിനട്സ് എഴുതിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപെട്ട്

09.12.2019ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 01/2018-19) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 സി.സി.ടി.വി ഇന്റർകോം ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തില്ല

2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി താമരശ്ശേരി താലൂക്ക് ആശുപത്രിയിലേയ്ക്ക് ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സുതാര്യതയ്ക്കും വേണ്ടി, പ്രൊജക്റ്റ് നമ്പർ 186/19 പ്രകാരം മെയിന്റനൻസ് റോഡിതരത്തിൽ ഉൾപ്പെടുത്തി 98390/- രൂപ ചെലവഴിച്ച് സി.സി.ടി.വി, ഇന്റർകോം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധനസാമഗ്രികൾ സ്റ്റോക്ക് ബുക്കിലെടുത്തതായി കാണുന്നില്ല. ആയത് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്. അപാകതക്ക് മറുപടി ആവശ്യപെട്ട് 09.12.2019ന് ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 02/2018-19) മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാറുകാർ എഗ്രിമെന്റ് വെക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല്ല

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ നടപ്പാക്കിയ പ്രോജകുളിൽ കരാറുകാർ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാർ വെയ്ക്കുന്നതിൽ കാലതാമസം വരുത്തിയതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| S/N | പ്രോജക്റ്റ് നമ്പർ, പേര് | ചെലവ് തുക (രൂ) | ട്രഷറി ബിൽ | സെലക്ഷൻ നോട്ടീസ് | എഗ്രിമെന്റ് നമ്പർ, തീയ്യതി | P.A.C തുക (രൂ) | കരാറുകാരൻ |
|---|---|---|---|---|---|---|---|
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | നമ്പർ, തീയ്യതി | നമ്പർ, തീയ്യതി | | | |
| 1. | 71/19, പുന്നക്കൽ-ചളിപ്പൊയിൽ റോഡ്. | 384243 | 19/ 25.9.18 (A.Ex.Eയുടെ ട്രഷറി ബിൽ ബുക്ക്) | a1/kdly/ 17-18, 6.7.18 | ae/4/18-19, തീയ്യതി 24.7.19 | 496664 | കെ.എം. മോഹനൻ |
| 2. | 154/19, അമ്പായത്തോട്-അന്നേടത്ത് കുന്ന് തോട് സംരക്ഷണം | 595445 | 16/ 31.8.18 (A.Ex.Eയുടെ ട്രഷറി ബിൽ ബുക്ക്) | a1/kdly/ 17-18, 22.12.17 | Ae/46/17-18, തീയ്യതി 12.1.18 | 599632 | ഷാനവാസ്. പി.കെ |
| 3. | 157/19, തരിശ്ശി-പുഴക്കുന്ന് എസ്-സി കോളനി റോഡ് നവീകരണം. | 459721 | 9/ 14.8.18 (A.Ex.Eയുടെ ട്രഷറി ബിൽ ബുക്ക്) | a1/kdly/ 17-8, 22.12.17 | Ae/41/17-18, തീയ്യതി 12.1.18 | 499887 | ഹാഫിസ്.എം |
| 4. | 156/19, ചെറ്റക്കടവ് തോട്-ഉരുളിക്കുന്ന് ഭാഗം സംരക്ഷണം | 468336 | 15/ 14.8.18, (A.Ex.Eയുടെ ട്രഷറി ബിൽ ബുക്ക്) | a1/kdly/ 17-18, 24.11.17 | 27/17-18 തീയ്യതി 14.12.17 | 498808 | പി.കെ. ഷാനവാസ് |
| 5. | 100/19, കാട്ടുപറമ്പത്ത് താഴം തോടിന് തയ്യിലത്ത് താഴം സൈഡ് കെട്ടൽ. | 296503 | 63/ 18-19 തിയ്യതി 27.3.19 | a1/kdly/17-18, 31.8.18 | Ae/27/18-19, 25.9.18 | 499248 | അബ്ദുൾ ബാസിത്ത് |

1.02.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാർ വെക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC തുകയുടെ 1% ആണ് പിഴ ഈടാക്കേണ്ടത്. എന്നാൽ മേല്പറഞ്ഞ പദ്ധതികൾക്ക് ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. മാത്രമല്ല കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയ്യതി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് മാനുവൽ പ്രകാരം സെലക്ഷൻ നോട്ടീസ് തപാൽ മുഖേന അയക്കുന്നതിന്, ആയത് രജിസ്റ്റർ ചെയ്ത തീയ്യതി പോലും കൈപ്പറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ്. പൊതുമരാമത്ത് മാനുവൽ പ്രകാരമുള്ള നടപടികൾ പാലിച്ച് സെലക്ഷൻ നോട്ടീസ് കരാറുകാർക്ക് അയക്കുന്നതിൽ അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടുണ്ട്. കരാർ വെക്കുന്നതിൽ

വന്ന കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും മേൽ പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പി.എ.സി തുക (രൂ) | ഈടാക്കേണ്ട പിഴ (രൂ) |
|---|---|---|---|
| 1. | 71/19 | 496664 | 4967 |
| 2. | 154/19 | 599632 | 5996 |
| 3. | 157/19 | 499887 | 4999 |
| 4. | 156/19 | 498871 | 4988 |
| 5. | 100/19 | 499248 | 4992 |
| ആകെ | | | 25942 |

ക്രമ നമ്പർ 5 ലുള്ള പ്രവൃത്തി പിഴയോട് കൂടിയ 10 ദിവസത്തിന് ശേഷമാണ് കരാർ വെച്ചിട്ടുള്ളത്. എന്നാൽ ഇതിന്മേൽ കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2009.6 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. 25942/- രൂ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (മേൽപട്ടികകളിലെ ക്രമ നമ്പർ 1 മുതൽ 4 വരെ അരുണിമ പി.എൽ, അസി.എഞ്ചിനീയർ, ക്രമ നമ്പർ 5 അശ്വിൻ ശുഭൻ, അസി.എഞ്ചിനീയർ).

കൂടാതെ ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള ചെലവ് തുകകൾ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ട്രഷറി ബിൽ ബുക്ക് മുഖേന പിൻവലിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

# 3-2 പൂർത്തീകരണം വൈകിയ പൊതുമരാമത്ത് പ്രോജക്ടുകളിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക (രൂ) | ചെലവ് രേഖ | ടി.എസ് നമ്പർ, ടി.എസ് പ്രകാരം പൂർത്തീകരണ കാലയളവ് | എഗ്രി. നമ്പർ, തിയ്യതി | എം.ബുക്ക് നമ്പർ, പൂർത്തീകരണ തിയ്യതി | സൈറ്റ് കൈമാറിയ തിയ്യതി | പൂർത്തീകരണം വൈകിയ കാലയളവ് | കരാറുകാരൻ |
|---|---|---|---|---|---|---|---|---|---|
| 1. | 41/19, നൂറാംതോട് സ്കൂൾ പാലക്കൽ റോഡ്. കോടഞ്ചേരി | 458236 | ട്ര.ബി.നം 51/18-19, തിയ്യതി 24.3.19 | 31364/18-19, 7 മാസം | 14/18-19, 1.8.18 | 266, 16.3.19 | തീയ്യതി രേഖപ്പെടുത്തിയില്ല. (കരാർ പ്രകാരം | ഒറിജിനൽ കാലാവധി യുടെ 25 ശതമാന ത്തിൽ | ജോബിഷ്. കെ.ഇ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | സെറ്റ് കൈമാറേണ്ട പരമാവധി സമയം, 10.8.2018 തിയ്യതികളളിൽ) | കുറവ്. | |
| 2. | 167/19, ആവിലോറ-ചെറ്റക്കടവ് VCB നിർമ്മാണം | 1038758 | ട്ര.ബി.നം 47/18-19 തിയ്യതി 3.19 | 106060/17-18, 4 മാസം | 57/17-18, 31.3.18 | 233/18, 29.1.19 | തിയ്യതി രേഖപ്പെട്ടുത്തിയില്ല. (കരാർ പ്രകാരം സെറ്റ് കൈമാറേണ്ട പരമാവധി സമയം, 9.4.2018 തിയ്യതികളളിൽ) | ഒറിജിനൽ കാലാവധി യുടെ 50 ശതമാനത്തിൽ കൂടുതൽ. | കെ.ടി. അബ്ദുൾ ഗഫൂർ |
| 3. | 75/19, പുല്ലൂരാംമ്പാറ-കെ.പി എസ്റ്റേറ്റ് റോഡ്, തിരുവമ്പാടി. | 384036 | ട്ര.ബി.നം 07/18-19 തിയ്യതി 29.11.18 | 31576/18-19, 3 മാസം | 1/18-19, 24.7.18 | 130/17-18, 30.10.18 | 24.7.18 | ഒറിജിനൽ കാലാവധിയുടെ 25 ശതമാന ത്തിൽ കുറവ്. | ടി.വി. സെബാസ്റ്റ്യൻ |
| 4. | 168/19, പാച്ചാക്കിൽ തോട് നടമ്മൽ പൊയിൽ VCB | 965178 | ട്ര.ബി.നം 64/18-19 തിയ്യതി 28.3.19 | 106053/17-18, 4 മാസം | നം. ഇല്ല, 31.3.18 | 018, 26.3.19 | 3.4.18 | ഒറിജിനൽ കാലാവധി യുടെ 50 ശതമാനത്തിൽ കൂടുതൽ. | അബ്ദുൾ ബാസിത്ത്.കെ |
| 5. | 146/19, ഉല്പന്ന വിപണന കേന്ദ്രം. (ഓമശ്ശേരി - വനിത) | 565604 (ആകെ പ്രവൃത്തി മൂല്യം 924403/-രൂ) | ട്ര.ബി.നം 17/5.1.19 തുക 565604രൂ | 86481/17-18, രേഖപ്പെട്ട ത്തിയിട്ടില്ല. | 45/17-18, 12.1.18 | 76/17-18, 185/17-18, 20.12.2018 | 12.1.18 | ഒറിജിനൽ കാലാവധി യുടെ 25 ശതമാനത്തിൽ കൂടുതൽ. | ഹാഫിസ് |

(ക്രമ നമ്പർ 5 പ്രവൃത്തിയുടെ കാര്യത്തിൽ എഗ്രിമെന്റ് , ടി.എസ് സ്ലിപ്പ് എന്നിവയിലൊന്നും തന്നെ പ്രവൃത്തി പൂർത്തീകരണ കാലാവധി ചേർത്തിട്ടില്ല. പ്രൈസ് സോഫ്റ്റ് വെയറിൽ നിന്നും ലഭിച്ച ടെണ്ടർ നോട്ടീസിൽ നിന്നുമാണ് കാലാവധി 8 മാസമാണ് എന്ന വിവരം ലഭിച്ചത്.)

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും നിരക്കിലാണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. സെക്ഷൻ 2005 പ്രകാരം site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

ക്രമനമ്പർ 1, 2 പ്രവൃത്തികളിൽ കരാർ തിയ്യതി മുതൽ 10 ദിവസത്തിനകം സൈറ്റ് കൈമാറിയതായി ഇതേ കരാർ വ്യവസ്ഥകൾ പ്രകാരം തന്നെ കണക്കാക്കുന്നു. പ്രവൃത്തികളിൽ ഈടാക്കേണ്ടിയിരുന്ന പിഴ താഴെ ചേർക്കുന്നു. പ്രവൃത്തികളിലൊന്നും തന്നെ കാലയളവ് ദീർഘിപ്പിക്കുന്നതിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പി.എ.സി തുക(രൂ) | ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാനത്തിൽ | പിഴ (രൂ) |
|---|---|---|---|---|
| 1. | 41/19 | 499183 | 1% | 4992 |
| 2. | 167/19 | 1193372 | 3% | 35801 |
| 3. | 75/19 | 499584 | 1% | 4996 |
| 4. | 168/19 | 1186344 | 3% | 35590 |
| 5. | 146/19 | 1391487 | 3% | 41745 |
| ആകെ | | | | 123124 |

പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് കാരണം വിശദീകരിക്കേണ്ടതാണ്. 123124/- രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.
(ക്രമ നമ്പർ 1, 2, 4 അശ്വിൻ ശുഭൻ, അസി.എഞ്ചിനീയർ, ക്രമ നമ്പർ 3, 5 അരുണിമ പി.എൽ അസി.എഞ്ചിനീയർ)

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13.08.2019 & 14.08.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/887/ 2019(74) |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് | 2018-19 | 200000 | ഓമശ്ശേരി ഉൽപ്പന്ന വിപണന കേന്ദ്രം | 200000 | 0 |
| കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2018-19 | 500000 | വയോജനങ്ങൾക്ക് പകൽ വീട് | 363285 | 136715 |

| | | | | | |
|---|---|---|---|---|---|
| കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 2018-19 | 400000 | പാലക്കൽ വനിതാ കോമൺ ഫെസിലിറ്റേഷൻ സെന്റർ | 0 | 400000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 54000 | വജ്രജൂബിലി ഫെലോഷിപ്പ് | 0 | 54000 (ബ്ലോക്ക് പഞ്ചായത്ത് 2018-19 ൽ പ്രൊജക്ട് വച്ചിട്ടില്ല) |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | കായലമുക്ക് പൂവ്വത്തൊടി കുടിവെള്ള പദ്ധതി | 2018-19 ഓൺലൈൻ 16.10.2018 | 500000 | 0 | 500000 |
| കേരള ജല അതോറിറ്റി | പെരുമാലിപ്പടി ഇരുമ്പകം കുടിവെള്ള പദ്ധതി | 2018-19 ഓൺലൈൻ 17.08.2018 | 1010000 | 0 | 1010000 |
| കേരള ജല അതോറിറ്റി | പെരുമാലിപ്പടി പാമ്പിഴഞ്ഞ പാറ കുടിവെള്ള പദ്ധതി | 2018-19 ഓൺലൈൻ 16.10.2018 | 500000 | 0 | 500000 |
| കേരള ജല അതോറിറ്റി | സി.എച്ച്.സി കോളനി കുടിവെള്ള പദ്ധതി | 2018-19 ഓൺലൈൻ 20.03.2019 | 3040000 | 0 | 304000 |

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ. (ആർ.ടി) 1102/10/ എൽ.എസ്.ജി.ഡി/ 21.03.2010 | 3942250 | 685813 | 500000 | | 185813 |
| ഐ.എ.വൈ ഭവന പദ്ധതി | സ.ഉ(എം.എസ്)90/ 13/ത.സ്വ.ഭ.വ/ 14.03.2013 | 8294872 (മുതൽ) | മുതൽ അടയ്ക്കേണ്ടത് സർക്കാറിന്റെ ബാധ്യതയാണ്. വർഷാരംഭത്തിൽ അടയ്ക്കേണ്ട പലിശ 304976 | - | 500000 | 195024 രൂപ അധികം അടച്ചു |

# 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999 | 3(44) | പ്രൊജക്ടിന്റെ പേരിൽ അനധികൃത ചെലവുകൾ നടത്തി | പഠനയാത്രയുടെ വിശദാംശങ്ങളും |

| | | | | | |
|---|---|---|---|---|---|
| | | | | | നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ലഭ്യമാക്കണം |
| | | 1999 -00 | 4/58(എ) | നടുക്കുന്ന് ശുദ്ധജലവിതരണം | ശ്രീ.കെ.കെ. അച്യുതനിൽ നിന്നും ആർ.ആർ നടപടികളിലൂടെ തുക ഈടാക്കണം |
| | | 1999 -00 | 4/58(ഡി) | ഇന്റസ്ട്രീയൽ ലൈസൻസ് & മോണിറ്ററിംഗ് സെന്റർ | ടി |
| 2000-01 | | 2003-04 | 4.13 | ഇടിവെട്ട് മല മണ്ണ് സംരക്ഷണ പദ്ധതി, മക്രം റോഡ് ആർ സി ബി നിർമ്മാണം | |
| 2003-04 | 3-21 | 2005-06 | 2.67(2) | എസ്.ജി.ആർ.വൈ റോഡ്- അധിക ഭക്ഷ്യധാന്യം | |
| 2003-04 | 3-30 | 2005-06 | 2.67(5) | ചുമതലയിൽപ്പെടാത്ത പദ്ധതിക്ക് ആനുകൂല്യം | |
| 2003-04 | 3-07 | 2005-06 | 70(3)(4) | പരിശീലനം പൂർത്തിയാക്കിയതിന് രേഖയില്ല. മോണിറ്ററിങ്ങ് റിപ്പോർട്ടില്ല. | |
| 2003-04 | 3-08 | 2005-06 | 70(3)(4) | പരിശീലനം -അപാകത | |
| 2004-05 | 3-1 | 2006-07 | 3.79.14.2 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ | നൽകിയ തുക തിരികെ ഈടാക്കണം |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണം – പൂർത്തിയാക്കിയില്ല | തുടർ നടപടി അറിയിക്കാൻ ശുപാർശ |
| 2015-16 | 3-14 | 2016-17 | 4.6.8.i 68 | ഹാഡാ പദ്ധതി | |
| 2015-16 | 3-1 | 2016-17 | 5.1.5. 86 | റോഡ് പ്രവർത്തി അധികം ചെലവ് ചെയ്തു | |
| 2015-16 | 3-30 | 2016-17 | 7 (ബി) 97 | സൗരോർജ്ജ പദ്ധതി അനർട്ടിൽ തുക നിക്ഷേപിച്ചു | |
| 2017-18 | 3-1 | 2018-19 | | കെട്ടിടം പൂർണമാകാതെ MRF യൂണിറ്റിന് യന്ത്രം വാങ്ങി | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

LF 28388/spl.cell /SC4/99/31.07.02 നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. കെ.കെ. തോമസിന്റെ പേരിൽ 1995-96 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 27a,b പ്രകാരം 6684/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

# 4-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നംപരും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.07.2019 മുതൽ 08.07.2019 വരെ | 01.10.2018 -30.06.2019 | 86DPAW2/18/20.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2015 മുതൽ 28.02.2018 വരെ | 2019-10 -2013.14 | NO.LBA(HQ)VI/8A-2284/175/Dated/ 25.05.2015 |

# 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 193326688 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 164724456 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 149066 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11676941 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25942 | 20950-ശ്രീമതി.അരുണിമ. പി.എൽ , അസിസ്റ്റന്റ് എഞ്ചിനീയർ<br>4992 -ശ്രീ.അശ്വിൻ ശുഭൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 123124 | 46741-ശ്രീമതി.അരുണിമ. പി.എൽ അസിസ്റ്റന്റ് എഞ്ചിനീയർ<br>76383 -ശ്രീ.അശ്വിൻ ശുഭൻ , അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 149066 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 11864 | ശ്രീ.സന്തോഷ് കുമാർ .എ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-11 | 453651 | ശ്രീ.അശ്വിൻ ശുഭൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-12 | 80577 | ശ്രീമതി.അരുണിമ. പി.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-13 | 565604 | ശ്രീമതി.അരുണിമ. പി.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-14 | 450791 | ശ്രീ.അശ്വിൻ ശുഭൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 549500 | ശ്രീമതി. പൗളി ജോസഫ് .സി.ഡി.പി.ഒ. അഡീഷണൽ |
| 1-20 | 52342 | ശ്രീമതി. സുബൈദ.എ.പിസി.ഡി.പി.ഒ. |
| 1-21 | 4723370 | ശ്രീ.കെ.മാധവൻ, സെക്രട്ടറി |
| 1-24 | 4704010 | ശ്രീ.കെ.മാധവൻ, സെക്രട്ടറി |
| 1-25 | 85232 | ശ്രീ.കെ.മാധവൻ, സെക്രട്ടറി |
| ആകെ | 11676941 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അരുണിമ. പി.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | മംഗലത്ത്, നട്ടുവൻ കാവ്, പന്നക്കോട്, പി.ഒ തിരുവനന്തപുരം 695 542 |
| ശ്രീ.അശ്വിൻ ശുഭൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അശ്വിനം, ഗോൾഡൻ സ്ട്രീറ്റ്, കുരീക്കാട്, എറണാകുളം 682 305 |
| ശ്രീ.കെ.മാധവൻ | സെക്രട്ടറി (റിട്ട.) | QD 35, എൻ.ജി.ഒ. ക്വാർട്ടേഴ്സ്, മേരിക്കുന്ന് പി.ഒ. കോഴിക്കോട് |

# 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ | പരാമർശങ്ങൾ |
|---|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1995-96, 1997-98, | എൽ.എഫ്.കെ.കെ.ഡി.പി.7-2262/16/ 19.05.17 | 3 | 27, 34, 41<br>car -41 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.7-2262/16/19.05.17 | 3 | 27, 34, 41 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.7-2263/16/19.05.17 | 3 | 27, 29, 30 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി.7-2264/16/19.05.17 | 5 | 33, 42(3), 43, 44, 45 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(2)/14.12.12 | 13 | 20,21,22,23,24,<br>25,26,27,29,32,<br>35,36,37 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(3)/14.12.12 | 13 | 4,5,6,7,9,10,12,17,18,19,<br>24,25,26 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3-1910/1129.12.11 | 7 | 5,7(7),8,10,11,12,13(a,b) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1)/19.06.13 | 26 | 3-1,3-2,3-5,3-6,3-7,3-8,<br>3-11,3-12,3-13,3-14,3-16,<br>3-17,3-18,3-19,3-20<br>,3-21,3-22,3-23,3-25,<br>3-26,3-27<br>3-28,3-30,3-32,3-33,3-35,<br>car -3-6,3-7,3-8,3-11,3-18,3-25<br>3-21,3-30,3-35 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.7-1911/11(1)/10.06.13 | 11 | 3-1,3-4,3-5,3-6,3-8,3-9,<br>3-10,3-13,3-14,3-19,3-20<br>car3-1,3-4,3-6,3-13,3-14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.7-1657/09(5)/14.06.13 | 11 | 3-1,3-3,3-5,3-7,3-8,<br>3-9,3-103-11,3-13,<br>3-14,3-15 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(4)/14.12.12 | 14 | 3-1,3-5,3-6,3-7,3-8,3-9,<br>3-13,3-14,3-15,3-19,3-20<br>3-23,3-24,3-25 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.7-1814/09/16.02.12 | 8 | 1,2,3-1,3-2,3-3,3-4,<br>3-6,3-7,4-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.7-489/13/01.06.13 | 10 | 2-1,3-1,3-2,3-3,3-4,<br>3-5,3-6,3-7,3-9,3-10 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.7-488/13/29.05.13 | 13 | 2-1,2-2,3-2,3-3,3-5,<br>3-7,3-8,3-9,3-10,3-11,<br>3-12,3-13,3-14 |

| | | | |
|---|---|---|---|
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.7-1192/14/11.03.2015 | 9 | 2-1,3-1,3-3(1,2),3-5,<br>3-7,3-9,3-10,3-11 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.7-768/15/20.07.15 | 14 | 2-1(1,2,4,),2-2,3-1,<br>3-2,3-3,3-6,3-7,<br>3-8,3-10,3-11(1,2),4-1 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.7-723/17/ 05.05.2017 | 16 | 2-1,2-23-2,3-3,3-4,3-5,<br>3-6,3-7<br>3-8,3-9,3-13,3-14,<br>3-15,3-16.<br>3-17,3-18,3-20 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി.7-441/17/11.07.2017 | 27 | 2-1,2-3,2-4,2-5,2-7,3-5,<br>3-7,3-8,3-9,3-12,3-13,3-14,<br>3-15,3-16,3-17,3-18,3-19, 3-20,3-21,3-23,3-24,<br>3-25,3-26,3-27,3-30,<br>3-31,3-33 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി.7-1940/2017/ 26.3.2018 | 17 | 2-1,2-2,2-3,2-4,3-1,3-3,<br>3-4,3-5,3-6,3-7,3-8,3-9,<br>3-10,3-11,3-12,3-13,3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി.7-2095/2018/ 30.10.2018 | 14 | 1-11,3-1,3-2,3-3,3-4,<br>3-5,3-6,3-7,<br>3-10,3-11,3-12,<br>3-14,3-15,3-16 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4,1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6) 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്